# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. * 290 — 03.04.2013- ലെ മറുപടിക്ക്

## 2012-13 വർഷത്തെ പദ്ധതിയിൽ കാർഷിക മേഖലയ്ക്കുള്ള വിഹിതം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. വിജയദാസ്:<br>,, കോടിയേരി ബാലകൃഷ്ണൻ:<br>,, റ്റി. വി. രാജേഷ്:<br>,, കെ. വി. അബ്ദുൾ ഖാദർ: | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) 2012-13 വർഷത്തെ പദ്ധതിയിൽ കാർഷിക മേഖലയ്ക്ക് മുൻഗണന നൽകി ഉയർന്ന വിഹിതം വകയിരുത്തിയിരുന്നുവോ ; | (എ) ഉയർന്ന വിഹിതം വകയിരുത്തിയിട്ടുണ്ട്. |
| (ബി) 2012-13 - ലെ ബജറ്റിൽ കാർഷിക മേഖലയ്ക്കായി രൂപകല്പന ചെയ്ത വിവിധ പദ്ധതികളുടെ അവലോകനം സംബന്ധിച്ച് വിശദീകരിക്കാമോ ; | (ബി) 2013-14 പദ്ധതി രൂപീകരണ ചർച്ചാ വേളയിൽ 2012-13 വാർഷിക പദ്ധതി പുരോഗതി അവലോകനം നടത്തുകയുണ്ടായി. |
| (സി) കാർഷിക മേഖലയ്ക്ക് പുത്തനുണർവ് നൽകുന്നതിനായി പ്രഖ്യാപിച്ച റൈസ് ബയോപാർക്ക്, കോക്കനട്ട് ബയോപാർക്ക്, ഗ്രീൻ ഹൗസ് പദ്ധതി എന്നിവ ഇപ്പോൾ ഏത് നിർവ്വഹണഘട്ടത്തിലാണെന്നറിയിക്കാമോ ; | (സി) പദ്ധതികൾ പ്രാരംഭ ഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| (ഡി) | ഇത്തരം പദ്ധതികൾ സംസ്ഥാനത്തെ ചെറുകിട കർഷകരുടെ രക്ഷയ്ക്ക് എപ്രകാരമാണ് പ്രയോജനപ്പെടുന്നത് ; എങ്കിൽ ചെറുകിട കർഷകർക്ക് അതെങ്ങനെ ഗുണകരമാകുമെന്ന് വിശദീകരിക്കുമോ ? | (ഡി) | അനുയോജ്യമായ ആധുനിക സാങ്കേതികവിദ്യ സമന്വയിപ്പിച്ച് നെല്ലുല്പാദനം വർദ്ധിപ്പിക്കുകയും അനുബന്ധ ഉൽപ്പന്നങ്ങൾക്ക് ഉയർന്ന വില ലഭ്യമാക്കുകയും ചെയ്ത് നെൽകൃഷിക്കാരുടെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് വരുത്തുവാൻ റൈസ് ബയോപാർക്കിലൂടെ സാധിക്കുന്നു. ചെറുകിട നെൽകൃഷിക്കാരുടെ ക്ലസ്റ്ററുകൾ രൂപീകരിച്ചുകൊണ്ടാണ് ബയോ പാർക്കിന് ആവശ്യമായ നെല്ലും അനുബന്ധ ഉൽപ്പന്നങ്ങളും സംഭരിക്കുക. ഇത് ചെറുകിട നെൽകൃഷിക്കാരുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കും. ഉത്പാദനക്ഷമത വർദ്ധനവ്, മൂല്യവർദ്ധിത അനുബന്ധ ഉൽപ്പന്നങ്ങൾ, കാർഷിക കൂട്ടായ്മ എന്നിവയിലൂടെ ഉത്പാദനം വർദ്ധിപ്പിക്കുന്ന പരിപാടി കോക്കനട്ട് ബയോപാർക്കിലൂടെ നടപ്പിലാക്കുന്നു. ഇത് ചെറുകിട കർഷകർക്ക് പ്രയോജനപ്രദമാണ്. ഉത്പാദന ക്ഷമത കൂടിയ കൃഷി രീതിയ്ക്കായുള്ള ഗ്രീൻഹൗസ് പദ്ധതി ചെറുകിട കർഷകർക്കും ഏറ്റെടുത്തു നടപ്പിലാക്കാവുന്നതും അതുവഴി അവരുടെ വരുമാനം വർദ്ധിപ്പിക്കാവുന്നതുമാണ്. 75% സബ്സിഡിയും പദ്ധതിയിൽ അംഗീകരിച്ചിട്ടുണ്ട്. |

സെക്ഷൻഓഫീസർ.